പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 464 — 28-6-2011-ന് മറുപടിക്ക്

## കോവളത്തെ മാലിന്യനിർമ്മാർജ്ജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ജമീലാ പ്രകാശം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| എ) ഒരു അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് മാലിന്യ നിർമ്മാർജ്ജനത്തിനായി എന്തെങ്കിലും പ്രോജക്ട് നടപ്പിലാക്കാൻ നഗരകാര്യ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; | എ) 2010 നവംബർ മുതൽ തിരുവനന്തപുരം നഗരസഭയോടൊപ്പം കൂട്ടിചേർത്ത ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് നിലവിലുണ്ടായിരുന്ന ഖരമാലിന്യ സംസ്കരണ പ്രക്രിയ പ്രകാരം മാലിന്യങ്ങൾ നീക്കം ചെയ്യു വരുന്നു. |
| ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അത്തരത്തിലുള്ള ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്ന കാര്യത്തിൽ നഗരകാര്യ വകുപ്പ് മുൻകൈയെടുക്കുമോ? | ബി) കോവളം ഉൾപ്പടെയുള്ള മുഴുവൻ നഗര പ്രദേശങ്ങളിലേയും ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ഉറവിടത്തിൽ തന്നെ മാലിന്യ സംസ്കരണം എന്ന ഒരു പ്രോജക്ട് 2011-2012 വർഷത്തിൽ നടപ്പിലാക്കുവാൻ തിരുവനന്തപുരം നഗരസഭ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ